**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഇ - ഗ്രാന്റ്സിനായി ഹെൽപ് ഡെസ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ അപേക്ഷകൾ സമർപ്പിക്കുന്നതിനും മറ്റ് കാര്യങ്ങൾക്കും കൂടുതലായി ആശ്രയിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കുന്നതായി പരാതികൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; അക്ഷയ കേന്ദ്രങ്ങൾ അല്ലാതെ വിദ്യാലയങ്ങളിലെ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | വിദ്യാർത്ഥികൾക്ക് ഇ-ഗ്രാൻറ്സ് പോർട്ടൽ മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്ത് സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇത് വിദ്യാർഥികൾക്ക് സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ നിർവഹിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിലുള്ള സഹായ കേന്ദ്രങ്ങൾ മുഖേനയും സാമൂഹ്യ പഠനമുറികളുടെ സൌകര്യങ്ങൾ വിനിയോഗിച്ചും ഗ്രാൻറ്സ് ലഭിക്കുന്നതിനുള്ള ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുന്നതിന് സാങ്കേതിക സഹായങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, പ്രൊമോട്ടേഴ്സ് മുഖാന്തിരം ആവശ്യമായ നിർദ്ദേശങ്ങളും വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. |
| (ബി) | പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ഫീ ലഭിച്ചില്ല എന്ന കാരണത്താൽ കോഴ്സിന് ശേഷം വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ കൊടുക്കാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | കോഴ്സ് പൂർത്തീകരിച്ചിട്ടും സ്ഥാപനത്തിലേയ്ക്കുള്ള തുക ലഭ്യമായില്ല എന്ന കാരണത്താൽ പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തടഞ്ഞുവെക്കുന്ന സാഹചര്യം ശ്രദ്ധയിൽപെടുകയും ഇത്തരം കേസുകൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയോടും, ആരോഗ്യ വകുപ്പ് മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ